# കേരള ഗസറ്റ്

## അസാധാരണം

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| വാല്യം 7 | തിരുവനന്തപുരം<br>വ്യാഴം | 2018 ഡിസംബർ 13<br>1194 വൃശ്ചികം 27<br>1940 അഗ്രഹായനം | നമ്പർ 3145 |


## കേരള സർക്കാർ

## ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

## വിജ്ഞാപനം

ജി.ഒ.(പി)നം. 21/2018/പ്ലാനിംഗ് തീയതി, തിരുവനന്തപുരം 12 ഡിസംബർ, 2018

26 വൃശ്ചികം 1194

**എസ്.ആർ.ഒ. നമ്പർ 897/2018** – 1968-ലെ കേരള പബ്ലിക് സർവീസസ് ആക്ട് (1968 ലെ 19) വകുപ്പ് 2 ലെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ 2013 ഒക്ടോബർ 30-ാം തീയതിയിലെ ജി.ഒ. (പി) നം. 55/2013/പ്ലാനിങ് നമ്പരായി പുറപ്പെടുവിച്ചതും 2013 നവംബർ 19-ാം തീയതിയിലെ 3259 -ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 906/2013 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2013 ലെ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാന സർവീസ് വിശേഷാൽ ചട്ടങ്ങൾ, വീണ്ടും ഭേദഗതി ചെയ്യുന്നതിലേക്ക് താഴെപ്പറയുന്ന ചട്ടങ്ങൾ നിർമ്മിക്കുന്നു:-, അതായത്:-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2018 ലെ കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് സംസ്ഥാന സർവീസ് (ഭേദഗതി) വിശേഷാൽ ചട്ടങ്ങൾ എന്ന് പേരു പറയാം.

   (2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. *ചട്ടങ്ങളുടെ ഭേദഗതി* – 2013 ലെ കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് സംസ്ഥാന സർവീസ് വിശേഷാൽ ചട്ടങ്ങളിൽ

(1) ചട്ടം 2 ൽ,-

(എ) നിലവിലുള്ള "കാറ്റഗറി -1" എന്നത് "കാറ്റഗറി - 1A", എന്ന് പുനരക്കം ചെയ്യേണ്ടതും അപ്രകാരം പുനരക്കം ചെയ്യപ്പെട്ട "കാറ്റഗറി - 1A" ക്ക് മുമ്പായി താഴെപ്പറയുന്ന കാറ്റഗറി ചേർക്കേണ്ടതുമാണ്.

"കാറ്റഗറി - 1 ജോയിന്റ് ഡയറക്ടർ"

ബി) കാറ്റഗറി - 11ന് ശേഷം ഇനിപ്പറയുന്ന കാറ്റഗറി ചേർക്കേണ്ടതാണ്, അതായത്:-

"കാറ്റഗറി – 11 A സിസ്റ്റം അഡ്മിനിസ്ട്രേറ്റർ";

(2) ചട്ടം 3-ന് താഴെയുള്ള പട്ടികയിൽ,-

(എ) "ഡെപ്യൂട്ടി ഡയറക്ടർ (അഗ്രികൾച്ചർ)" എന്നത് "1A" എന്ന് പുനരക്കം ചെയ്യേണ്ടതും, അപ്രകാരം പുനരക്കം ചെയ്യപ്പെട്ട കാറ്റഗറി 1A ക്ക മുമ്പായി കോളം (1), (2), (3) ഇനങ്ങൾക്കെതിരെയുള്ള കോളങ്ങളുടെ എൻട്രികൾക്ക് മുൻപായി ഉൾക്കുറിപ്പുകളിൽ താഴെ പറയുന്ന കാറ്റഗറികളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്;

| | |
|---|---|
| "I ജോയിന്റ് ഡയറക്ടർ" | (i) ഡെപ്യൂട്ടി ഡയറക്ടർ (കൃഷി)/ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവെ)) വിഭാഗത്തിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴി |

| | | |
|---|---|---|
| | (ii) മേല്പറഞ്ഞ ഇനം (i) ലെ അനുയോജ്യരായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനത്തിലൂടെ | ഒരു അംഗീകൃത സർവകലാശാലയിൽ നിന്ന് അഗ്രികൾച്ചർ/ഹോർട്ടികൾച്ചറിൽ കുറഞ്ഞത് രണ്ടാം ക്ലാസ് ബിരുദാനന്തരബിരുദം അല്ലെങ്കിൽ അഗ്രികൾച്ചർ സയൻസിൽ ഒരു അംഗീകൃത സർവകലാശാലയിൽ നിന്ന് തത്തുല്യമായ ബിരുദാനന്തര ബിരുദം.<br>*അഭികാമ്യം:-*<br>ഒരു സർക്കാർ സ്ഥാപനത്തിൽനിന്ന് വിള ഉൽപ്പാദനം/ഭൂവിനിയോഗ ആസൂത്രണം മേഖലയിൽ ഏഴുവർഷത്തെ പ്രവൃത്തിപരിചയം; |

(ബി) കാറ്റഗറി 10 ലെ കോളം (1) ലെയും ഇതിനെതിരെയുള്ള (2), (3) കോളങ്ങളിലെയും ഉൾക്കുറിപ്പുകൾക്ക് പകരമായി താഴെപ്പറയുന്ന കാറ്റഗറിയും, ഉൾക്കുറിപ്പുകളും, യഥാക്രമം, ചേർക്കേണ്ടതാണ്.

| | | |
|---|---|---|
| 10. അഗ്രികൾച്ചറൽ ഓഫീസർ/ സോയിൽ സർവെ ഓഫീസർ | (i) വകുപ്പിലെ അഗ്രികൾച്ചറൽ അസിസ്റ്റന്റ് വിഭാഗത്തിൽനിന്ന് | അഗ്രികൾച്ചർ/ഹോർട്ടികൾച്ചറിൽ ബിരുദം |

| | | | |
|---|---|---|---|
| | | തസ്തികമാറ്റം മുഖേന<br>(ii) നേരിട്ടുള്ള നിയമനം വഴി | ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽനിന്ന് അഗ്രികൾച്ചർ/ഹോർട്ടികൾച്ചറിൽ ബിരുദം അല്ലെങ്കിൽ അതിന് തത്തുല്യമായ യോഗ്യത |

കുറിപ്പ്:- തസ്തികമാറ്റം വഴിയുള്ള നിയമനവും നേരിട്ടുള്ള നിയമനവും നടത്തുമ്പോൾ 1:1 എന്ന അനുപാതം പിന്തുടരേണ്ടതാണ്

(സി) കോളം (1) ലെ കാറ്റഗറി "11 അസിസ്റ്റന്റ് ജിയോളജിസ്റ്റ്" നും അതിനെതിരെയുള്ള (2), (3) കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം താഴെ പറയുന്ന കാറ്റഗറിയും ഉൾക്കുറിപ്പുകളും യഥാക്രമം, ചേർക്കേണ്ടതാണ്. അതായത്:-

| | | |
|---|---|---|
| "11A. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | എസ്‌സി/എസ്‌ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളിൽ നിന്ന് മാത്രമുള്ള നേരിട്ടുള്ള നിയമനം | ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽനിന്ന് കമ്പ്യൂട്ടർ സയൻസ്, ഇൻഫർമേഷൻ ടെക്നോളജിയിലുള്ള ബി.ടെക്./ബി.ഇ. അല്ലെങ്കിൽ എംസിഎ" |

(ഡി) "സോയിൽ സർവെ അസിസ്റ്റന്റ് തസ്തിക" എന്ന വാക്കുകളിൽ തുടങ്ങുന്ന വാക്യവും ചിഹ്നവും ഒഴിവാക്കിയിരിക്കുന്നു;

(3) ചട്ടം 4 ൽ,-

(എ) രണ്ടാംഖണ്ഡികയിൽ,

(i)-"കാറ്റഗറി 6 മുതൽ 12 വരെയുള്ള" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "കാറ്റഗറി 6 മുതൽ 11 ഉം 12 ഉം വരെയുള്ള" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(ii) "35 വർഷം" എന്ന അക്കത്തിനും വാക്കിനും പകരം "36 വർഷം" എന്ന അക്കവും വാക്കും ചേർക്കേണ്ടതാണ്.

(b) മൂന്നാമത്തെ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:-

കാറ്റഗറി 11 A നിയമനത്തിനുള്ള അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി 1-ാം തീയതി 20 വയസ്സ് പൂർത്തിയാക്കാത്തവരോ, 41 വയസ്സ് പൂർത്തിയായവരോ ആയ ഒരാളും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനത്തിന് അർഹനായിരിക്കുന്നതല്ല.

(4) ചട്ടം 5-ൽ, "കാറ്റഗറി 10 മുതൽ 12 " എന്ന അക്കത്തിനും വാക്കിനും പകരം " കാറ്റഗറി 10, 11, 11A, 12 " എന്ന വാക്കുകളും അക്കങ്ങളും അക്ഷരവും ചേർക്കേണ്ടതാണ്.

(5) ചട്ടം 6-ൽ, ഇനം (i) ൽ, "നേരിട്ടുള്ള നിയമനം വഴി" എന്ന വാക്കിനു ശേഷം "സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(6) ചട്ടം 8-നു ശേഷം വരുന്ന അക്കങ്ങൾക്കും മൂന്നാമത്തെ ഖണ്ഡികയ്ക്കും പകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.വിശ്വാസ് മേത്ത,

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

# വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, 1975 ഏപ്രിൽ 4 -ാം തീയതിയിലെ ജി.ഒ.(എം.എസ്.)നം.21/1975/പ്ലാനിങ് പ്രകാരം 1975-ൽ സ്ഥാപിതമാകുകയും 2007 ഫെബ്രുവരി 7 -ാം തീയതിയിലെ ജി.ഒ.(എം.എസ്)നം.3/2007/പ്ലാനിങ് പ്രകാരം ഒരു സർക്കാർ വകുപ്പായി പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സംസ്ഥാന സർവീസിലെ വിവിധ വിഭാഗങ്ങളിലെ തസ്തികകൾക്കുള്ള പ്രത്യേക ചട്ടങ്ങൾ 2013 ഒക്ടോബർ 30-ാം തീയതിയിലെ ജി.ഒ.(പി)നമ്പർ 55/2013/പ്ലാനിങ് പ്രകാരം പുറപ്പെടുവിക്കുകയും എസ്.ആർ.ഒ. നമ്പർ 906/2013 ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തുന്നതിന് 2010 നവംബർ 1 തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ 51/2010/പ്ലാനിങ് പ്രകാരം സാങ്കേതികമാനവശേഷിയോടും അടിസ്ഥാന സൗകര്യങ്ങളോടും കൂടിയുള്ള ഒരു ജിയോ ഇൻഫോർമാറ്റിക്സ് ലബോറട്ടറി സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതുപോലെ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ശക്തിപ്പെടുത്തുന്നതിന് ടെക്നിക്കൽ കോർ ഗ്രൂപ്പ് എന്ന നിലയിൽ രണ്ട് ജോയിന്റ് ഡയറക്ടർ തസ്തികകൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ജോയിന്റ് ഡയറക്ടർമാരുടെ ഈ തസ്തികകൾ എസ്.ആർ.ഒ. നമ്പർ 906/2013 ആയി പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് സ്റ്റേറ്റ് സർവീസിനായുള്ള പ്രത്യേക ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

അതുകൂടാതെ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ കൃഷി ഓഫീസർ/സോയിൽ സർവെ ഓഫീസർ തസ്തികയിലേക്ക് തസ്തികമാറ്റം മുഖേനയുള്ള

നിയമനത്തിന് അഗ്രികൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ് II വിനെ പരിഗണിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അഗ്രികൾച്ചർ/ഹോർട്ടികൾച്ചർ സർവകലാശാലകൾ ക്ലാസ് സമ്പ്രദായത്തിനുപകരം ഗ്രേഡ് പോയിന്റ് സമ്പ്രദായം (ഒ.ജി.പി.എ) പിന്തുടരുന്നതിനാൽ, അവരുടെ മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗ്രേഡ് പോയിന്റുകളിൽനിന്ന് ഉദ്യോഗാർത്ഥിയുടെ ക്ലാസ് നിർണ്ണയിക്കാൻ കഴിയാത്തതിനാൽ, 2017 ഒക്ടോബർ 31-ാം തീയതിയിലെ ജി.ഒ.(ആർ.ടി) നമ്പർ 634/17/പി&ഇഎ പ്രകാരം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ കൃഷി ഓഫീസർ (നേരിട്ടുള്ള നിയമനം) തസ്തികയിലേക്കുള്ള യോഗ്യത പരിഷ്ക്കരിച്ചിട്ടുണ്ട്.

2015 ഡിസംബർ 4-ാം തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ 312/2015/ജി.എ..ഡി പ്രകാരം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നു മാത്രമായി പ്രത്യേക റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിന് സർക്കാർ സംവരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017 ഡിസംബർ 7 -ാം തീയതിയിലെ ജി.ഒ.(എം.എസ്) നമ്പർ 43/2017/പ്ലാനിങ് പ്രകാരം കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് പട്ടികജാതി / പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളിൽനിന്ന് പ്രത്യേക റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നിയമനരീതി, വിദ്യാഭ്യാസ യോഗ്യത, പ്രായം, മറ്റ് വ്യവസ്ഥകൾ എന്നിവ നിശ്ചയിക്കുന്നതിന് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തു. 2013 ലെ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സ്റ്റേറ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ സബ്ജക്റ്റ് കമ്മിറ്റിയും ചില പരിഷ്കാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി പ്രത്യേക ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ വിജ്ഞാപനം.